# ഫൈൻ ആർട്സ് സൊസൈറ്റി

**പരവൂർ, കൊല്ലം–691301**

**രജി. നമ്പർ : ക്യൂ. 566/76**

Web: www.fasparavur.com E-mail : fasparavur@gmail.com Tel : 0474-2513304

## അഞ്ചാമത് പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക സംസ്ഥാനതല മൃദംഗ മത്സരം 2026

മൃദംഗ വിദ്വാനും സംഗീതകുലപതി ദേവരാജൻ മാസ്റ്ററുടെ പിതാവുമായ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സ്മരണ നിലനിറുത്താനും മൃദംഗവാദനത്തിൽ പ്രോത്സാഹനം നൽകാനുമായി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി (ഫാസ്) യുടെ ആഭിമുഖ്യത്തിൽ **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം** നടത്തുന്നു. ദേവരാജൻ മാസ്റ്ററുടെ 100–ാം ജന്മദിനത്തോടനുബന്ധിച്ച് 2026 സെപ്റ്റംബർ 26 ശനിയാഴ്ച പകൽ മൂന്നുമണിമുതൽ പരവൂർ എസ്.എൻ.വി. ബാങ്ക് ആഡിറ്റോറിയത്തിലാണ് മത്സരം നടത്തുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി **2026 സെപ്റ്റംബർ 18 വൈകുന്നേരം അഞ്ചുമണി**ക്കുമുമ്പായി ഫാസ് വെബ്സൈറ്റ് **(www.fasparavur.com)** മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്യു.ആർ കോഡുപയോഗിച്ച് വെബ്സൈറ്റിൽ പ്രവേശിച്ചും രജിസ്ട്രേഷൻ നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാസ് വെബ്സൈറ്റ് സന്ദർശിക്കുക. : ഫോൺ : **9446043866 / 9495702743.**

## നിബന്ധനകൾ

1. മത്സരാർത്ഥികൾ 01.01.2006–നുശേഷം ജനിച്ചവരായിരിക്കണം. മേൽവിലാസവും വയസ്സും തെളിയിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കേറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഒരു ഫോട്ടോയും മത്സരത്തിനുമുമ്പ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കണം.
2. പ്രവേശന ഫീസായ 100 രൂപ (നുറു രൂപ മാത്രം) മണിയോർഡർ/ NEFT/UPI ID ആയി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറിയുടെ പേർക്ക് അയക്കേണ്ടതാണ്. എസ്.ബി. A/c No.: 11420100201224, ഫെഡറൽ ബാങ്ക്, പരവൂർ–691301, IFS Code : FDRL 0001142. UPI ID : finearts01@fbl. QR കോഡുപയോഗിച്ചും തുക അടയ്ക്കാം.
3. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക ക്യാഷ് അവാർഡും** (ഒന്നാം സ്ഥാനം 5,000/– രൂപ, രണ്ടാം സ്ഥാനം 2,500/– രൂപ) **മെമന്റോയും സർട്ടിഫിക്കേറ്റും** പരവൂർ എസ്.എൻ.വി. ബാങ്ക് ആഡിറ്റോറിയത്തിൽ **27.09.2026** വൈകുന്നേരം 6.30–നുശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ നൽകുന്നതാണ്.
4. ഫാസ് ഇതിനുമുമ്പ് നടത്തിയ മൃദംഗമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടിയവർക്ക് ഇപ്പോഴത്തെ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
5. മൃദംഗ മത്സര നടത്തിപ്പ്, അവാർഡ് നിർണ്ണയം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച അവസാന തീരുമാനം പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടേതായിരിക്കും.

വി. രാജു,
സെക്രട്ടറി.